ഉദ്യോഗസ്ഥൻമാർ ഉൾപ്പെടെയുള്ള പോലീസുദ്യോഗസ്ഥൻമാർ നെടുപുഴ പോവുകയും, സംഭവങ്ങൾ ശരിക്കു മനസ്സിലാക്കിക്കൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ വേണ്ട നിയന്ത്രണ ഏർപ്പാടുകൾ ചെയ്യുകയുംചെയ്തു. ഇതാണുണ്ടായത്. ഇതിനെത്തുടർന്ന് 5 കേസുകൾ പോലീസ് രജിസ്റ്റർ ചെയ്യുകയും ഈ കേസുകളെക്കുറിച്ചുള്ള അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയുമാണ്. ഇപ്പോൾ അവിടത്തെ സ്ഥിതി നിയന്ത്രണാധീനമാണ്. യാതൊരു കുഴപ്പവുമില്ല. പോലീസിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും ന്യൂനതയുണ്ടായിട്ടുണ്ടെങ്കിൽ തീർച്ചയായും ആ കാര്യങ്ങളെക്കുറിച്ച് അന്വേഷിച്ച് വേണ്ട പരിഹാരം ഉണ്ടാക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. കെ. കരുണാകരൻ: സർ, ഈ മറുപടി സത്യസന്ധമായി ഉള്ളതല്ല. ഇതു പറയാൻ കാരണം ചോദ്യോത്തരസമയത്താണെങ്കിൽ ഞങ്ങൾക്ക് റെയ്സു ചെയ്യാനുള്ള സന്ദർഭം ഉണ്ടായിരുന്നു. ഇപ്പോൾതന്നെ വലിയ ഒരു കയറിന്റെ തുമ്പത്ത് ഒരു പശു എന്നു പറഞ്ഞതുപോലെയാണ്. ജാഥ നടത്തി അതിലുള്ള ആളുകളെ അടിച്ചപ്പോഴാണ് ബാലകൃഷ്ണന്റെ വീടാക്രമിച്ചത് എന്നൊക്കെ പറഞ്ഞ് സംഭവം മനഃപൂർവ്വം മൂടിവയ്ക്കാൻ മന്ത്രി ഒരു ശ്രമം നടത്തി. ഇപ്പോൾ ആ ഭാഗത്തുള്ള ഹരിജൻ സ്ത്രീകൾക്ക് കിടന്നു പൊറുക്കാൻ നിവൃത്തിയില്ലാതെ വന്നിരിക്കുകയാണ്. മാർക്സിസ്റ്റുകാരും പോലീസുകാരും നിരന്തരമായി ഹരിജൻ സ്ത്രീകളെ രാത്രി കിടന്നുറങ്ങാൻ സമ്മതിക്കുന്നില്ല. അതുകൊണ്ട് ഇതിനെക്കുറിച്ച് തീർച്ചയായും ചർച്ച അനുവദിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയിൽ ഇന്നവിടെ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉളവാകുന്ന സ്ഥിതിവിശേഷമില്ലെന്നു പറഞ്ഞിട്ടുള്ളതുകൊണ്ട് അടിയന്തിരപ്രമേയം ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ട് അടിയന്തിര പ്രമേയത്തിന് അനുമതി നൽകുന്നില്ല.

(ii) UNEMPLOYMENT AMONG THE COIR WORKERS IN CHIRAYINKIL TALUK

ഡെപ്യൂട്ടി സ്പീക്കർ: ചിറയിൻകീഴ് കയർത്തൊഴിലാളികളുടെ കാര്യത്തെപ്പറ്റി മറുപടി പറയാൻ ബഹുമാനപ്പെട്ട ലേബർ മന്ത്രിയെ ക്ഷണിക്കുകയാണ്.

തൊഴിൽമന്ത്രി (ശ്രീ. മത്തായി മാഞ്ഞൂരാൻ): സർ, കുറെ നാളുകളായി ചിറയിൻകീഴ് കയർ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിൽ ഉടമകൾ തൊഴിലാളി യൂണിയനുകളുമായി ഉണ്ടാക്കിയിട്ടുള്ള കരാർ ശരിക്കു പാലിക്കാതിരിക്കുകയും അതുകാരണം തൊഴിൽ സ്തംഭനത്തിനു ഇടയാകുകയും ചെയ്തുവരുന്നുണ്ട്. ഈ കാര്യത്തെക്കുറിച്ച് അടിക്കടി ലേബർ ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥൻമാർ ഇടപെട്ട് ഒത്തുതീർപ്പിനുള്ള പരിശ്രമങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും ചിലടത്ത് അതൊന്നും ഫലത്തിലാകുന്നില്ല. ഈ പരിശ്രമങ്ങൾ ഇന്നും തുടർന്നുകൊണ്ടിരിക്കുകയാണ്. തൊഴിലുടമകളാകട്ടെ വമ്പിച്ച വ്യവസായങ്ങൾ നടത്തുന്നവരല്ല. ചെറിയ ചെറിയ വ്യവസായങ്ങൾ നടത്തുന്നവരായതുകൊണ്ട് എല്ലാവരുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അൽപകാലതാമസം വരുമെന്നാണ് ഡിപ്പാർട്ടുമെന്റിൽനിന്നു കിട്ടിയിരിക്കുന്ന അറിവ്. കൂടുതൽ ഊർജ്ജിതമായ പ്രവർത്തനത്തിനും ഈ കാര്യത്തിനുവേണ്ട സമാധാനം ഉടനെ കണ്ടെത്തുന്നതിനും തക്ക നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതേപ്പറ്റി മേൽനടപടികൾ വേഗം എടുക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശ്രീധർ: ഇന്നിപ്പോഴം കയറിന്റെ വില കണ്ടിക്ക് 500 രൂപ ആയിരുന്നത് 250 രൂപയായി കുറഞ്ഞിട്ടുണ്ട്. ഇങ്ങനെ വ്യവസായ സ്തംഭനം നേരിടുമ്പോഴം മുൻകാലങ്ങളിലെല്ലാം ഗവൺമെൻറുതന്നെ കുറെ കയർ എടുക്കുകയാണ് ചെയ്യുന്നത്. അങ്ങനെയുള്ള ഒരു നടപടി ഗവൺമെൻറ് സ്വീകരിക്കുമോ ? എങ്കിൽമാത്രമേ ഈ കുഴപ്പത്തിന് യഥാർത്ഥത്തിൽ ഒരു പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ.

ശ്രീ. മത്തായി മാഞ്ഞൂരാൻ: പണമിടപാടുള്ള യാതൊരു കാര്യത്തെക്കുറിച്ചും ആലോചിക്കുകപോലും ചെയ്തിട്ടില്ല.

ഡെപ്യൂട്ടി സ്പീക്കർ: ഗവൺമെൻറ് അതു നോക്കുമോ എന്നാണ് ചോദിച്ചത്.

ശ്രീ. മത്തായി മാഞ്ഞൂരാൻ: ഗവൺമെൻറ് നോക്കിക്കൊള്ളും.

ശ്രീ. ടി. എ. മജീദ്: ഇവിടെ കയർ വ്യവസായരംഗത്ത് രൂക്ഷമായ തൊഴിലില്ലായ്മ അനുഭവപ്പെടുകയാണ്. 1957–59-ൽ ഈമാതിരി ഗുരുതരമായ ഒരവസ്ഥ വന്നപ്പോഴം ഗവൺമെൻറ് അതെടുത്ത് ഒരു സൊസൈറ്റിക്ക് സാമ്പത്തികസഹായം ചെയ്തുകൊണ്ട് ഏൽപ്പിക്കുകയുണ്ടായി. ഈ ഗവൺമെൻറ് അങ്ങനെ ചെയ്യുമോ; അതിനെപ്പറ്റി ആലോചിയ്ക്കാമെന്ന് വ്യക്തമായ ഉറപ്പു കിട്ടണം. എല്ലാവരും ചേർന്ന് ആലോചിച്ചെങ്കിലും പറയണം.

ഡെപ്യൂട്ടി സ്പീക്കർ: ഏതായാലും മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അനുമതി നൽകുന്നില്ല.

(iii) INACTION OF THE POLICE IN APPREHENDING THE CULPRITS INVOLVED IN THEFT AND DESTRUCTION OF CARDAMOM PLANTS IN MUNNAR AND UDUMPANCHOLA

ഡെപ്യൂട്ടി സ്പീക്കർ: മൂന്നാറിൽ ഏലച്ചെടികളം നശിപ്പിച്ചതു സംബന്ധിച്ചു ശ്രീ. ഗണപതി തന്ന നോട്ടീസ്സിനെക്കുറിച്ച് വനമന്ത്രിക്ക് സംസാരിക്കാം.

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ): സർ. ശ്രീമാൻ ഗണപതിയുടെ അച്ഛനായ നാരായണസ്വാമിയുടെ രണ്ടാം ഭാര്യ മലയാളി സ്ത്രീയാണ്. ആ മലയാളി സ്ത്രീയിലുള്ള മകനാണ് കിട്ടപ്പൻ. കിട്ടപ്പന്റെ അമ്മയുടെ പേരിൽ കിട്ടിയിട്ടുള്ള കാർഡമം എസ്റ്റേറ്റ് കൈകാര്യം ചെയ്യുന്നത് കിട്ടപ്പനാണ്. കിട്ടപ്പന്റെ കൈവശമുള്ള കാർഡമം എസ്റ്റേറ്റിൽനിന്ന് ആദായം എടുക്കുന്നതും കിട്ടപ്പനാണ്. ഇതിനെസംബന്ധിച്ച് ശ്രീ. ഗണപതിയും കിട്ടപ്പനുമായി അവകാശത്തർക്കമുണ്ടായി. ഇതിനെത്തുടർന്ന് ശ്രീ. ഗണപതി പോലീസിൽ പരാതിപ്പെടുകയും പോലീസ് അതിനെക്കുറിച്ച് അന്വേഷിക്കുകയും ചെയ്തു. ഈ കാർഡമം എസ്റ്റേറ്റ് കിട്ടപ്പന്റെ അമ്മയുടെതായതുകൊണ്ട് കിട്ടപ്പനാണ് അവകാശം എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ നടപടി എടുക്കേണ്ടതില്ലെന്നും ന്യായമായി കിട്ടപ്പനു കിട്ടേണ്ടതാണെന്നും ഉള്ളതുകൊണ്ടാണ് നടപടി എടുക്കാതിരിക്കുന്നത്. ഈ കാര്യത്തെസംബന്ധിച്ചിടത്തോളം പല പരാതികളും ഗണപതി പോലീസിൽ കൊടുത്തിട്ടുണ്ട്. അതെല്ലാം ഒരു നിയമസഭാ സാമാജികനെന്ന നിലയിൽ ന്യായമായ പരിഹാരം കാണുന്നതിന് ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly